പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 139 06.03.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>" മോൻസ് ജോസഫ്<br>" സി.എഫ്.തോമസ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ. ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകളിൽ ഒരു വർഷത്തിലേറെയായി ഓപ്പറേറ്റ് ചെയ്യാതിരുന്നതും നിശ്ചിത വരുമാനത്തിൽ കുറഞ്ഞതുമായ സർവ്വീസുകളാണ് നിർത്തലാക്കിയത്. |
| (ബി) | ഇപ്രകാരം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡം എന്താണ്; ശരാശരി വരുമാനം കണക്കാക്കുന്നതിന് ഏത് കാലയളവിലുള്ള വരുമാനമാണ് പരിഗണിക്കുക; ഈ കാലയളവ് ഒരു മാസം എന്ന് നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | യാത്രക്കാരുടെയും വരുമാനത്തിന്റെയും കുറവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷക്കാലത്തിന് മുകളിൽ സർവ്വീസ് നടത്താതിരുന്ന ഷെഡ്യൂളുകളാണ് ഒഴിവാക്കുവാൻ തീരുമാനിച്ചത്. തുടർച്ചയായ മൂന്ന് മാസക്കാലത്തെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഷെഡ്യൂളുകളുടെ പുനഃക്രമീകരണം നടത്തി വരുന്നത്. കാലയളവ് സംബന്ധിച്ച മാനദണ്ഡങ്ങൾ മാറ്റുന്നകാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ബാഹ്യമായ ഇടപെടൽ ഉണ്ടായിട്ടില്ലെന്നുറപ്പാക്കാൻ എന്ത് മുൻകരുതലാണ് എടുത്തിട്ടുള്ളത് ; വ്യക്തമാക്കുമോ? | (സി) | നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഷെഡ്യൂളുകൾ ഒഴിവാക്കുന്നില്ല എന്ന് ഉറപ്പു വരുത്തിയതിനു ശേഷമാണ് നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ